ഗവ: മെഡിക്കൽ കോളേജ് ഹയർ സെക്കന്ററി സ്കൂൾ

കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം 695011



# ജ്യോതിസ്

PDF Scanner ACE Scanner

# ഉള്ളടക്കം

## എച്ച്.എസ്. വിഭാഗം

- ആമുഖം
- സ്കൂൾ ചരിത്രം
- നിലവിലുള്ളസ്ഥിതി
- സ്കൂളിന്റെ ഭൗതിക സാഹചര്യം
- പൊതുലക്ഷ്യങ്ങൾ
- പദ്ധതിരൂപീകരണ പ്രക്രിയ– ഘട്ടങ്ങൾ
- മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- ➢ മലയാളം
- ➢ ഹിന്ദി
- ➢ സയൻസ്
- ➢ സോഷ്യൽസയൻസ്, ഇംഗ്ലീഷ്, കണക്ക്
- ➢ ഭൗതികം, സാമൂഹിക പ്രവർത്തനങ്ങൾ
- ➢ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ

# ഉള്ളടക്കം

## എച്ച്.എസ്. വിഭാഗം


- ആമുഖം
- സ്കൂൾ ചരിത്രം
- നിലവിലുള്ളസ്ഥിതി
- സ്കൂളിന്റെ ഭൗതിക സാഹചര്യം
- പൊതുലക്ഷ്യങ്ങൾ
- പദ്ധതിരൂപീകരണ പ്രക്രിയ– ഘട്ടങ്ങൾ
- മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

➢ മലയാളം
➢ ഹിന്ദി
➢ സയൻസ്
➢ സോഷ്യൽസയൻസ്, ഇംഗ്ലീഷ്, കണക്ക്
➢ ഭൗതികം, സാമൂഹിക പ്രവർത്തനങ്ങൾ
➢ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ




ACE Scanner

## ആമുഖം

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുകയും ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി വിദ്യാലയങ്ങളെ സുസജ്ജമാക്കേണ്ടതുണ്ട്. സൂക്ഷ്മമായ ആസൂത്രണത്തിലൂടെയും നിർവ്വഹണത്തിലൂടെയും അത് സാധ്യമാക്കണം. എല്ലാ തലങ്ങളിലുമുള്ള വിദ്യാർത്ഥികളെയും ഭിന്നശേഷിക്കാരെയും പ്രത്യേക പരിഗണന നൽകി അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനും വിദ്യാലയപ്രവർത്തനങ്ങൾ ഫലപ്രദമായി ചിട്ടപ്പെടുത്തുന്നതിനും സാധിക്കണം. കുട്ടികളുടെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കാനാകും. പഠനവിഷയങ്ങളിലെ ആശയദൃഢത, പൊതുവിജ്ഞാനം, ഭാഷാജ്ഞാനം, ആശയ വിനിമയശേഷി, സാമൂഹ്യബോധം, അന്താരാഷ്ട്ര നിലവാരമുള്ള ധാരണ ഇവ ഉറപ്പു വരുത്തുന്നതാകണം നമ്മുടെ ലക്ഷ്യം. സമൂഹത്തിന്റെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും ക്രിയാത്മകമായ പങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ ഇത് സാധ്യമാകും. വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കാൻ നമുക്ക് ഒത്തൊരുമയോടെ മുന്നേറാം.

## സ്കൂൾ ചരിത്രം

കേരളത്തിന്റെ തലസ്ഥാന നഗരിയായ അനന്തപുരിയുടെ തിലകക്കു റിയാണ് മെഡിക്കൽകോളേജ് ആശുപത്രി. ആ പേരിൽ തന്നെ സ്ഥാപിക്ക പ്പെട്ട മെഡിക്കൽകോളേജ് ഹയർ സെക്കന്ററി സ്കൂളും. നാടിന്റെ സാംസ്കാരിക രാഷ്ട്രീയ ചരിത്രത്തിൽ ഇടം നേടിയ നിരവധി മഹത് വ്യക്തികൾക്ക് വിദ്യ പകർന്നു നൽകി ആ പെരുമ നിലനിർത്തുന്നു. കുമാര പുരം, ഉള്ളൂർ, പട്ടം തുടങ്ങിയ അപ്പർ പ്രൈമറി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് സ്കൂൾ ഇല്ലാതിരുന്ന സാഹചര്യത്തി ലാണ് ശ്രീ.പി. ജനാർദ്ദനൻ, സാം, പൊന്നാൻ കോൺട്രാക്ടർ തുടങ്ങിയ മഹത്‌വ്യക്തികളുടെ നേതൃത്വത്തിൽ ഒരു സ്കൂൾ സ്ഥാപിക്കുന്നതിനാ യുള്ള പ്രവർത്തനങ്ങൾ തുടങ്ങിയത്. മെഡിക്കൽ കോളേജ് സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുന്നതിനായി ആരോഗ്യവകുപ്പ് അക്വയർ ചെയ്തിരുന്ന സ്ഥലം ഈ മഹത് വ്യക്തികളുടെ അപേക്ഷയെ തുടർന്ന് മെഡിക്കൽ കോളേജിന്റെ അന്നത്തെ പ്രിൻസിപ്പൾ ശ്രീ. തങ്കവേലു സ്കൂൾ നിർമ്മിക്കാ നായി വിട്ടു നൽകി. 1964 ൽ ഏഴ് ഏക്കർ 12 സെന്റ് സ്ഥലത്ത് സ്കൂൾ പ്രവർത്തനം ആരംഭിച്ചു. പ്രഥമ അധ്യാപകൻ ശ്രീ. പൊന്നയ്യനായിരുന്നു. 8–ാം ക്ലാസ്സിൽ പ്രവേശനം നേടിയ എസ്. രേണുകാകുമാരിയാണ് ആദ്യ വിദ്യാർത്ഥി. 1997 ൽ ഹയർസെക്കന്ററി ആരംഭിച്ചു. ഇപ്പോൾ ഈ സ്കൂളിൽ സെക്കന്ററി, ഹയർസെക്കന്ററി വിഭാഗങ്ങളിലായി എണ്ണൂറോളം വിദ്യാർത്ഥി കൾ പഠിക്കുന്നു. ഹയർസെക്കന്ററിക്ക് സയൻസ്, കോമേഴ്സ്, ഹ്യുമാനി റ്റിസ് എന്നീ വിഷയങ്ങളാണുള്ളത്.

## നിലവിലുള്ള സ്ഥിതി

പതിനൊന്നോളം എയ്ഡഡ് അൺഎയ്ഡഡ് സ്കൂളുകൾക്കിടയിൽ ഉള്ള ഒരു സർക്കാർ വിദ്യാലയമാണിത്. സാമ്പത്തികമായും, സാമൂഹ്യ മായും പിന്നാക്കാവസ്ഥയിലുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നതിൽ ഭൂരിഭാഗവും. വളരെ വിദൂരങ്ങളിൽ നിന്ന് വരുന്ന കുട്ടികളാണ് ഹയർസെക്കന്ററി വിഭാഗത്തിലധികവും. ഹൈസ്കൂൾ വിഭാഗത്തിൽ കുട്ടികളുടെ എണ്ണം വളരെ കുറവാണ്. കൂടുതൽ കുട്ടികളെ ഈ സ്കൂളിലേക്ക് ആകർഷിക്കുന്നതിനും അവരുടെ പഠനിലവാരം മെച്ചപ്പെടുത്തുന്നതിനും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനം സാമൂഹിക പങ്കാളിത്തത്തോടെ നടപ്പാക്കാൻ ശ്രമിക്കുന്നു.

കുട്ടികളുടെ പ്രതികൂല ജീവിതസാഹചര്യങ്ങളും സാമ്പത്തികപിന്നാക്കാവസ്ഥയും അവരെ അച്ചടക്കമില്ലായ്മതിലേക്കും പഠനപിന്നാക്കാവ സ്ഥയിലേക്കും നയിക്കുന്നു. അധ്യാപകർക്ക് വെല്ലുവിളി ഉയർത്തുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു കൗൺസിലിങ് ടീച്ചറിന്റെ സേവനം സ്കൂളിലുണ്ട്. പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഹൈസ്കൂൾ തലത്തിൽ അക്ഷര കളരിപോലുള്ള പ്രവർത്തനങ്ങളും ഹയർ സെക്കന്ററി തലത്തിൽ പ്രത്യേക പരിശീലനങ്ങളും നടത്തുന്നുണ്ട്.

സ്കൂളിന്റെ സ്ഥിതി മെച്ചപ്പെടുത്താനായി പി.ടി.എ. എസ്.എം.സി, എസ്.എം.ഡി.സി, എം.പി.റ്റി.എ, സ്കൂൾ വികസന സംരക്ഷണ സമിതിയും പ്രയത്നിച്ചതിന്റെ ഫലമായി എല്ലാ ക്ലാസ്സ്മുറികളും സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആക്കി .

# സ്കൂളിന്റെ ഭൗതിക സാഹചര്യം

ഏഴ് ഏക്കറോളം വിസ്തൃതിയുണ്ടായിരുന്ന സ്ഥലത്താണ് സ്കൂൾ പ്രവർത്തിപ്പിച്ചിരുന്നത്. എന്നാൽ കൈയേറ്റങ്ങൾ കാരണം ഇന്ന് സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം ഒന്നര ഏക്കറായി ചുരുങ്ങി. യൂണിവേഴ്സിറ്റി സ്കൂൾ കോമ്പൗണ്ടിലുള്ള ഏതാനും കെട്ടിടങ്ങളും സ്ഥലവും ബി.എഡ് കോഴ്സ് നടത്താനായി ഉപയോഗിക്കുന്നു. സമീപത്തുള്ള ആരാധനാലയങ്ങളായ അമ്പലവും, പള്ളിയും സ്കൂളിന്റെ സ്ഥലം കയ്യടക്കിയിട്ടുണ്ട്. ഏറ്റവുമൊടുവിൽ നാഷണൽ ഗെയിംസ് ടെന്നിസ് കോർട്ട് തയ്യാറാക്കാനായി കുട്ടികളുടെ കളിസ്ഥലവും കൈയ്യടക്കി. ഈ സ്ഥലം ഈ സ്കൂളിലെ കുട്ടികൾക്ക് കൂടി ഉപയോഗിക്കുന്നതിനും സ്കൂളിൽ നിന്ന് നേരിട്ട് പ്രവേശിക്കുന്നതിനുള്ള സൗകര്യവും ഉണ്ടാക്കുന്നതിനായി ഉന്നതതലത്തിൽ നിരവധി തവണ ശ്രമിച്ചിട്ടും നടന്നില്ല.

സ്കൂളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ലഭ്യമാണ് .10 ക്ലാസ് മുറികൾ നഗരസഭയുടെ സ്മാർട്ട് സിറ്റി പദ്ധതിപ്രകാരം സ്മാർട്ടായി. ക്ലാസ് മുറികളും വരാന്തയും ടൈൽ പാകി മനോഹരമാക്കി. എ സി ക്ലാസ്റൂമിൽ 75എൽ.ഇ.ഡി മോണിറ്റർ, ബാഗ്ട്രേയുടെ കസേരകൾ എന്നിവ ഉൾപ്പെട്ടതാണ് ക്ലാസ് റൂമുകൾ .കുട്ടികൾക്ക് അന്താരാഷ്ട്ര പഠന നിലവാരത്തിലുള്ള ക്ലാസ്സ്മുറികൾ ലഭ്യമാണ് .



ACE Scanner

# പൊതു ലക്ഷ്യങ്ങൾ

- ഹൈസ്കൂൾ തലത്തിൽ കൂടുതൽ കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുക.
- സ്കൂളിൽ എത്തിച്ചേരുന്ന 8 മുതൽ 12 വരെയുള്ള എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ടുന്ന ശേഷികൾ നേടുന്നു എന്ന് ഉറപ്പു വരുത്തുക.
- കുട്ടികളുടെ കഴിവുകൾ രക്ഷകർത്താക്കളെയും, സമൂഹത്തേയും ബോധ്യപ്പെടുത്തുക.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ ഭാഷാശേഷിയും സർഗ്ഗാത്മകശേഷിയും വികസിപ്പിക്കുക.
- പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത കാമ്പസ് യാഥാർത്ഥ്യമാക്കുക.
- ക്ലബ്ബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
- കാർഷിക സാംസ്കാരം വളർത്തിയെടുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുന്ന ഹൈടെക് ക്ലാസ് മുറികൾ ഒരുക്കുക.
- സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുക.
- കുട്ടികളിലെ കായിക ആരോഗ്യക്ഷമത മെച്ചപ്പെടുത്തുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ പരിസരവും ക്ലാസ് മുറികളും ഒരുക്കുക.
- സാമൂഹികവും, പാരിസ്ഥിതികവുമായ പ്രശ്നങ്ങളെ അറിയുന്നതിനും പ്രവർത്തിക്കുന്നതിനും സൗകര്യമൊരുക്കുക.
- നന്മതിന്മകള തിരിച്ചറിയുന്നതിന്, ഉത്തമപൗരന്മാരായി വളരുന്നതിന്, മുതിർന്നവരെ മാനിക്കുന്നതിന് വാർത്തെടുക്കുക. അഭിമാനികളായ ആത്മവിശ്വാസമുള്ളവരായ കുട്ടികളെ വാർത്തെടുക്കുക.
- ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക (ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡൻ)
- ജില്ലാപഞ്ചായത്ത് സ്കൂളിൽ ഉള്ളതുപോലെ ഒരു ഫുൾടൈം ലൈബ്രേറിയന്റെ തസ്തിക നഗരസഭ ഓണറേറിയം നൽകി നിയമനം നടത്തിയാൽ ഡിജിറ്റൽ സൗകര്യം വരെയുള്ള സ്കൂളിലെ ലൈബ്രറി കുട്ടികൾക്ക് കൂടുതൽ ഉപയോഗപ്രദമാകും.

- പാഠ്യേതരമികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
- വിദ്യാഭ്യാസത്തിൽ ജാധിപത്യവത്ക്കരണം നടപ്പാക്കുക.
- മത്സര പരീക്ഷകൾക്ക് കുട്ടികളെ തയ്യാറാക്കുക.
- ശാസ്ത്രീയമായ കൃഷി രീതികൾ പരിചയിപ്പിക്കുക (ജൈവവൈവിധ്യ പാർക്ക്)
- മാലിന്യ നിർമ്മാർജ്ജനം (ശാസ്ത്രീയ രീതിയിൽ) പരിശീലിപ്പിക്കുക (Biogas Plant)
- വായനാകോർണർ, വായനാപ്രവർത്തനം എന്നിവ സജീവമാക്കി കുട്ടികളെ അറിവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ
- കുട്ടികളുടെ ഭാഷാനിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾ (ക്ലാസ്സ് ലൈബ്രറി)

## പദ്ധതിരൂപീകരണ (പ്രക്രിയ/ഘട്ടങ്ങൾ)

1. SRG യോഗത്തിൽ ചർച്ച
2. വിഷയാടിസ്ഥാനത്തിൽ കരട് രുപീകരണം
3. പി.ടി.എ യിൽ കരട് അവതരിപ്പിക്കൽ
4. രക്ഷകർതൃബോധവത്ക്കരണ പരിപാടിയിൽ നിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങൾ കുട്ടിചേർക്കൽ
5. പി.റ്റി.എയുടെ നേതൃത്വത്തിൽ ക്രോഡീകരണ പദ്ധതിരേഖ തയ്യാറാക്കൽ

| മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനം | | |
|---|---|---|
| അക്കാദമികം | ഭൗതികം | സാമൂഹികം |
| 1)അക്ഷരജ്ഞാനം ഉറപ്പിക്കൽ<br>2) വായനാ മത്സരം<br>3) അക്ഷരശ്ലോക സദസ്സ്<br>4)ചിത്രക്കുറിപ്പ് തയ്യാറാ ക്കൽ<br>5)രചനാമത്സരങ്ങൾ<br>6)മലയാളം ടൈപ്പിംങ്<br>7)സാഹിത്യകാരൻമാരുമായി അഭിമുഖം<br>8)രചനാശില്പശാല<br>9)പ്രസംഗവേദികൾ<br>10)പതിപ്പുനിർമ്മാണം<br>11)വായനക്കുറിപ്പ് തയ്യാറാ ക്കൽ<br>12)സെമിനാർ<br>13)ഹിന്ദി അസംബ്ലി<br>14)പോസ്റ്റർ രചന<br>15)ക്ലാസ്സ് പത്രിക തയ്യാറാ ക്കൽ<br>16)കയ്യെഴുത്ത് മാസിക<br>17) നാടക കളരി<br>18)ശാസ്ത്രാഭിരുചി വളർത്തൽ<br>19)സയൻസ് മാഗസിൻ തയ്യാറാക്കൽ<br>20)ശാസ്ത്രമൂലകൾ സജ്ജീകരിക്കൽ<br>21)ജൈവപച്ചക്കറി കൃഷി<br>22)ലഘുപാനീയങ്ങൾ<br>23)പഠനയാത്രകൾ | 1)പച്ചക്കറിത്തോട്ടം<br>2) ക്ലാസ്സ് ലൈബ്രറി രൂപികരിക്കൽ<br>3) ജൈവവൈവിധ്യ പാർക്ക്<br>4) സാമൂഹ്യശാസ്ത്രലാബ്<br>5)ബയോഗ്യാസ് യൂണിറ്റ്<br>6)കളിസ്ഥലമൊരുക്കൽ | 1)പിറ്റിഎ, SMDC, SMC കാര്യക്ഷമമാക്കൽ<br>2) വിദ്യാലയ വികസന സമിതി<br>3)പൂർവ്വവിദ്യാർത്ഥിസംഘടനയുടെ പ്രവർത്തനം വിദ്യാഭ്യാസ പ്രവർത്തകർ. പൂർവ്വ അധ്യാപകർ, വിവിധ സ്ഥാപനങ്ങളുടെ സേവനങ്ങൾ പ്രയോജന പ്പെടുത്തുക.<br>4)ക്ലാസ്സ് പി.റ്റി.എ മെച്ചപ്പെടു ത്തൽ, മികവുകൾ പങ്കിടൽ<br>5)ഭവന സന്ദർശനം<br>6)പൂർവ്വ അധ്യാപകരെ ആദരിക്കൽ<br>7)പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികളെ ആദരി ക്കൽ<br>8)മെഡിക്കൽ ക്യാമ്പുകൾ ബോധവത്ക്കരണ ക്ലാസ്സ്. |



PDF Scanner ACE Scanner

| | | |
|---|---|---|
| • ശാസ്ത്രജ്ഞരുമായുള്ള അഭിമുഖം<br>• മെഡിക്കൽ ക്യാമ്പ്<br>• ശാസ്ത്ര പ്രോജക്റ്റ്<br>• അറ്റ്ലസ് നിർമ്മാണം<br>• മാപ്പ് നിർമ്മാണം<br>• ദിനാചരണങ്ങൾ<br>• കാലാവസ്ഥാ നിരീക്ഷണം<br>• പ്രാദേശിക ചരിത്ര പഠനം<br>• ഡിജിറ്റൽ പ്രോജക്റ്റ് പ്രസന്റേഷൻ<br>• വിവിധ മാതൃകകളുടെ നിർമ്മാണപ്രവർത്തനം<br>• മഴമാപിനി നിർമ്മാണം<br>• അക്കാദമിക് ഡയറി<br>• JPHN ബോധവത്ക്കരണം<br>• SRG ശാക്തീകരണം<br>• ക്ലബ്ബുകൾ മെച്ചപ്പെടുത്തൽ<br>• ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ<br>• മാധ്യമ സ്ഥാപനങ്ങൾ സന്ദർശനം<br>• മോക് പാർലമെന്റ് | | |



ACE Scanner

മലയാളം

എച്ച്.എസ് അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1.<br><br>2. | ഭാഷാശേഷി വളർത്തൽ<br><br>ക്ലാസ് തല നിലവാരം ഉറപ്പു വരുത്തൽ (ശ്രദ്ധ) | 1. മൂന്നാർജ്ജിതശേഷി പരിശോധന<br>2. അക്ഷരജ്ഞാനം ഉറപ്പിക്കൽ<br>3. വാക്യശേഷി നേടൽ<br>4. വായനമത്സരങ്ങൾ സംഘടിപ്പിക്കൽ<br>5. അക്ഷരശ്ലോക സദസ്സ്<br>6. ചിത്ര വായന<br>7. ചിത്രക്കുറിപ്പ് തയ്യാറാക്കൽ<br>8. കഥാവായന<br>9. കഥ പറയൽ<br>10. കഥ, കവിതാരചന<br>11. സിഡി ഇട്ട കഥാ വിശകലനം<br>12. മലയാളം ടൈപ്പിങ് | ജൂൺ<br><br>ജൂലൈ | ശ്രദ്ധ<br><br>പുസ്തകങ്ങൾ സിഡികൾ | അധ്യാപകർ<br><br>പിടിഎ<br><br>ഹെഡമിസ്ട്രസ്സ് അധ്യാപകർ |
| 3 | വായനക്കൂട്ടം | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | ആഗസ്റ്റ് | ക്ലാസ്സ് ലൈബ്രറി | പി.റ്റി.എ |
| 4 | ഗ്രന്ഥശാല പരിചയം | വായനമൂല, ക്ലാസ് | സെപ്തംബർ | സ്കൂൾ ലൈബ്രറി | |
| 5 | ക്ലാസ് ലൈബ്രറി | ലൈബ്രറി രൂപീകരിക്കൽ | | വായനമൂല ഒരുക്കൽ | |



ACE Scanner

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 6 | വായനമുല | സ്കൂൾ ലൈബ്രറി നവീകരണം<br>പത്രവായന<br>വായനാനുഭവം പങ്കുവയ്ക്കൽ<br>പുസ്തകാസ്വാദനം<br>വായനക്കുറിപ്പ് പതിപ്പ്<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>സംവാദം, ചർച്ച, സാഹിത്യകാരന്മാരുമായി അഭിമുഖം<br>ഇ-വായന | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>പത്രങ്ങൾ<br>കമ്പ്യൂട്ടർ<br>ഇന്റർനെറ്റ് | ഹെഡ്മിസ്ട്രസ്സ്<br>അധ്യാപകർ<br>പി.റ്റി.എ |
| 7. | സർഗ്ഗശേഷി വികസനം | എഴുത്തുകൂട്ട രൂപീകരണം<br>ചർച്ച | സെപ്തംബർ | ലൈബ്രറി | ഹെഡ്മിസ്ട്രസ്സ്<br>അധ്യാപകർ |
| 8. | ഐ.സി.റ്റി സാധ്യത | സംവാദം | | പുസ്തകങ്ങൾ | പി.ടി.എ |
| 9. | ബാഗ് ലൈബ്രറി | ആസ്വാദനാംശങ്ങൾ കണ്ടെത്തൽ<br>രചനാശില്പശാല<br>കഥ, കവിത<br>ചിത്രവായന<br>ചിത്ര വിശകലനം<br>കത്തെഴുത്ത് | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | എഴുത്തുകാർ<br>കമ്പ്യൂട്ടർ<br>ഇന്റർനെറ്റ് | യു.ആർ.സി |



ACE Scanner

| | | | | | |
|---|---|---|---|---|---|
| | | പ്രസംഗവേദികൾ<br>വ്യക്തിഗത രചനകൾ<br>പതിപ്പുനിർമ്മാണം<br>അഭിമുഖങ്ങൾ<br>സാഹിത്യകാരന്മാരു<br>മായി പസ്തക ചർച്ച<br>ഭാഷാപ്രോജക്റ്റ്<br>പ്രസംഗമത്സരങ്ങൾ<br>മലയാളം ടൈപ്പിങ്<br>മത്സരങ്ങൾ<br>ബ്ലോഗിൽകുട്ടി<br>ച്ചേർക്കൽ<br>ഇ-രചന<br><br>ബാഗിൽ ഒരു<br>ലൈബ്രറി ബുക്ക്<br>ഉണ്ടായിരിക്കണം<br>വായന ശീലമാ<br>ക്കണം | ജനുവരി<br><br>ഫെബ്രു<br>വരി | | ഹെഡ്മി<br>സ്ട്രസ്സ്<br>യു.ആർ.സി<br>റിസോഴ്സ്<br>അധ്യാപകർ |
| 10. | ഭിന്നശേഷി<br>ക്കാർക്കായുള്ള<br>പ്രവർത്തനങ്ങൾ | ചാർട്ടുകൾ, മോഡലു<br>കൾ, തുടങ്ങിയവ<br>റിസോഴ്സ് ടീച്ചറിന്റെ<br>സഹായത്തോടെ ഒരു<br>ക്കുന്നു. കുട്ടികളെ<br>ക്കൊണ്ട് നിർമ്മാണ<br>പ്രക്രിയ നടത്തുന്നു | ജൂൺ<br>മുതൽ<br>ഫെബ്രു<br>വരി<br>വരെ | ആസൂ<br>ത്രണം<br>റാ-മെറ്റീ<br>രിയൽ<br>ശേഖരം | പ്രഗത്ഭരുടെ<br>സേവനം |



ACE Scanner

# English

| Sl.No. | Activity | Objective | Details | Responsibility | Duration | Financial aid |
|---|---|---|---|---|---|---|
| 1 | Mock press | • Enables learner to speak fluently with correct pronunciation | Conducting a mock interview of the authors and poets in the course book – Enacting a press interview | Teachers and students | Once in a month | PTA |
| 2 | Story time | • Learner should achieve all the curricular objectives of English language learning<br>• Develop the reading skills in the learner | • Model reading by teachers<br>• Reading tasks are assigned to each student<br>• Setting up of story zone in evening class | All teachers | Weekly | PTA<br>SSA |
| 3 | Drama/Skit | • Learners should achieve all the curricular objectives of English Language learning | • Situations are provided based on the lessons target<br>• Script writing<br>• Talk by expert | All English Teachers | Weekends<br>Monthly | PTA |
| 4 | Choreography | • Inclusive education | • Watching sample choreography<br>• Classroom enacting<br>• Group wise competition-School level<br>• Participation in English Fest | Teachers & Students | Weekly (as per requirement) | PTA, SMC |



PDF Scanner ACE Scanner

| | | | | | | |
|---|---|---|---|---|---|---|
| 5 | Language Games of English Assembly | • To use English as a secular and democratic language | • With the help of ICT memory game<br>• spelling game<br>• Sentence games conducted<br>• News reading in English in English Assembly | English Teachers | Once in a month | |



ACE Scanner

## എച്ച്.എസ് ഹിന്ദി

8–ാം ക്ലാസ്സിൽ  സ്കൂളിൽ പ്രവേശനം നേടുന്ന എല്ലാ വിദ്യാർത്ഥി കളും അതാതു ക്ലാസ്സിൽ നേടേണ്ടുന്ന നൈപുണികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതിനോടൊപ്പം പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം എത്തിക്കുന്നതിന് പ്രതിഭാശാലികളായ വിദ്യാർത്ഥി കളെ അവരുടെ കഴിവിനനുസരിച്ച് കൂടുതൽ മികവിലേക്ക് ഉയരുന്നതിനും ഹിന്ദി ഭാഷാപഠനത്തിലൂടെ സമൂഹത്തിൽ ഉത്തമപൗരന്മാരായി വളർന്നു വരുന്നതിനുമുള്ള സാഹചര്യമൊരുക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യ മാക്കുന്നത്.

## ലക്ഷ്യങ്ങൾ

1. അക്ഷരങ്ങളെക്കുറിച്ചും (മാനക്‌ലിപി) ചിഹ്നങ്ങളെക്കുറിച്ചും ശരി യായ ധാരണ ഉണ്ടാക്കുക.
2. ശുദ്ധമായ ഭാഷ കേൾക്കുന്നതിനും ഭാഷാപഠനത്തിൽ താത്പര്യം വളർത്തുന്നതിനുമുള്ള അവസരം നൽകുക.
3. ഉച്ചാരണശുദ്ധിയോടെ വായിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ.
4. വായിച്ച് ഗ്രഹിച്ച ആശയങ്ങൾ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് മെച്ചപ്പെടുത്തൽ.
5. ഹിന്ദിയിൽ സംസാരിക്കുന്നതിനുള്ള കഴിവ് മെച്ചപ്പെടുത്തുക.
6. സർഗ്ഗാത്മകമായതും രചനാപരവുമായ കഴിവ് വികസിപ്പിക്കൽ
7. ഹിന്ദിഭാഷാ പഠനത്തിൽ ഐ.സി.റ്റി സാധ്യതകൾ, ടൈപ്പിംഗ് ഇവ പ്രയോജനപ്പെടുത്തൽ.
8. ഹിന്ദിഭാഷാ പഠനത്തിലൂടെ സാമൂഹ്യബോധമുള്ള ഉത്തമപൗരൻമാ രായി വളരുന്നതിനുള്ള സാഹചര്യമൊരുക്കൽ.



PDF Scanner ACE Scanner

## പ്രവർത്തനങ്ങൾ

- കുട്ടികളുടെ നിലവാരം കണ്ടെത്തൽ
- ഹിന്ദി പഠനത്തിൽ താത്പര്യം ഉണ്ടാക്കുക
- അക്ഷരങ്ങളും, ചിഹ്നങ്ങളും ഉറപ്പിക്കൽ
- കവിതകൾ, കഥകൾ, സംഭാഷണങ്ങൾ തുടങ്ങിയവ കേൾക്കാനുള്ള അവസരം
- കവിത ചൊല്ലൽ
- കവിത വായന
- ബാലമാസികകൾ / പത്രം വായന
- വായനാക്കുറിപ്പ് തയ്യാറാക്കൽ / കയ്യെഴുത്ത് മാസിക
- ഹിന്ദി അസംബ്ലി
- ക്ലാസ് പത്രിക തയ്യാറാക്കൽ
- സൂക്ൾ പത്രിക
- പോസ്റ്റർ രചന (ദിനാചരണങ്ങൾ)
- രചനാമത്സരങ്ങൾ
- സെമിനാർ
- ഹിന്ദി സാഹിത്യകാരൻമാരുമായുള്ള അഭിമുഖം
- നാടകകളരി



PDF Scanner ACE Scanner

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1<br>2 | 1 | • കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു.<br>• മാനക് ലിപി പരിചയപ്പെടുത്തുന്നു<br>• വീഡിയോ ക്ലിപ്പിങ്ങിലൂടെ ഓരോ അക്ഷരവും ചിഹ്നങ്ങളും എഴുതു ന്നതെങ്ങനെയാണെന്ന ധാരണയുണ്ടാക്കുന്നു. | ജൂൺ-ജൂലായ് (ഹ്രസ്വകാലം) | ഹിന്ദി ടീച്ചേഴ്സ് | - |
| | 3 | • ലഘുവായ വായനാസാമഗ്രികൾ നൽകി വായിപ്പിക്കുന്നു<br>• മാനക് ലിപിയിൽ വാക്കുകൾ എഴുതുന്നതി നുള്ള അവസരം നൽകുന്നു.<br>• എഴുതിയ വാക്കുകൾ സ്വയം വായിക്കുന്നതി നുള്ള അവസരം | ജൂൺ-ജൂലായ് (ഹ്രസ്വകാലം) | ഹിന്ദി ടീച്ചേഴ്സ് | - |
| 3 | 2 | • വീഡിയോക്ലിപ്പിങ്ങിലൂടെ ചെറിയ കവിതകൾ, കഥകൾ, സംഭാഷണങ്ങൾ വാർത്തകൾ തുടങ്ങിയവ കേൾക്കുന്നതിനുള്ള അവസരം.<br>• കവിതകൾ സംഘമായി ആലപിക്കുന്നതി നുള്ള അവസരം.<br>• ഭാഷാകേളികളിൽ പങ്കെടുക്കുന്നതിനുള്ള അവസരം | ജൂൺ-ജൂലായ് (ഹ്രസ്വകാലം) | ഹിന്ദി ടീച്ചേഴ്സ് | - |
| | 3 | • ലഘുവായനാസാമഗ്രികൾ വായിക്കുന്നതി നുള്ള അവസരം<br>• ക്ലാസ്സ് റൂം ലൈബ്രറി (ബാലമാസികകൾ, പത്രം മുതലായവ) | ജൂൺ-ജൂലായ് (ഹ്രസ്വകാലം)<br>ജൂൺ-ജൂലായ് (ഹ്രസ്വകാലം) | ഹിന്ദി ടീച്ചേഴ്സ്<br>പി.റ്റി.എ | 1000<br>5000 |
| | 4 | • വായനാക്കുറിപ്പ് തയ്യാറാക്കൽ | ആഗസ്റ്റ് മുതൽ (ഹ്രസ്വകാലം, ദീർഘകാലം) | | |

| | | | | | |
|---|---|---|---|---|---|
| 4 | 6 | • ഹിന്ദി അസംബ്ലി<br>• ക്ലാസ്സ് പത്രിക തയ്യാറാക്കൽ<br>• സ്കൂൾ പത്രിക തയ്യാറാക്കൽ<br>• കയ്യെഴുത്തു മാസിക<br>• പോസ്റ്റർ രചന (ദിനാചാരണങ്ങളോടനുബന്ധിച്ച്)<br>• ഹിന്ദി ഡയറി | ആഴ്ചയിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ടേമിലൊന്ന്<br>വർഷത്തിലൊന്ന്<br>ഹ്രസ്വകാലം | പി.റ്റി.എ<br>പി.റ്റി.എ | 1000 |
| 5. | 5 | • ഹിന്ദിസാഹിത്യകാരൻമാരുമായി സംവാദിക്കാനുള്ള അവസരം | ദീർഘകാലം (വർഷത്തിൽ ഒന്ന്) | പി.റ്റി.എ | |
| 6 | 6 | • രചനാശില്പശാല<br>• രചനാമത്സരങ്ങൾ<br>• നാടകക്കളരി (പാഠഭാഗങ്ങൾ നാടക രൂപത്തിലാക്കൽ) | ദീർഘകാലം<br>ദീർഘകാലം<br>ദീർഘകാലം (വർഷത്തിൽ ഒന്ന്) | പി.റ്റി.എ<br>പി.റ്റി.എ<br>പി.റ്റി.എ | |
| 7 | 7 | • ഹിന്ദിഭാഷാ പഠനക്ലാസ്സുകൾ വീഡിയോയിലൂടെ കാണുന്നതിനുള്ള അവസരം<br>• ഹിന്ദി ടൈപ്പിംങിൽ പ്രാഗത്ഭ്യം നേടൽ | ദീർഘകാലം<br>ദീർഘകാലം | ഹിന്ദി ടീച്ചർ<br>ഹിന്ദി ടീച്ചർ | |
| 8 | 8 | • മഹാന്മാരുടെ ആത്മകഥ വായിക്കുന്നതിനുള്ള അവസരം<br>• മഹാന്മാരുടെ അനുഭവങ്ങളെക്കുറിച്ച് ചർച്ച സംഘടിപ്പിക്കൽ | ദീർഘകാലം<br>ദീർഘകാലം | ഹിന്ദി ടീച്ചർ<br>ഹിന്ദി ടീച്ചർ | |

## എച്ച്.എസ്

## അക്കാഡമിക് മാസ്റ്റർ പ്ലാൻ

## സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | ശാസ്ത്രാഭിരുചി വളർത്തുക | • ശാസ്ത്രപ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുക<br>• ശാസ്ത്രമേളകൾ സജ്ജീകരിക്കുക (മോഡൽസ്,പരീക്ഷണ [illegible] )<br>• ശാസ്ത്രമേളകൾ സംഘടിപ്പിക്കുക<br>• ശാസ്ത്ര പ്രതിഭകളുടെ ജീവിത കഥ ആസ്പദമാക്കിയുള്ള വീഡിയോ പ്രദർശനം, പേപ്പർ കട്ടിംഗ് ശേഖരിക്കൽ<br>• സയൻസ് മാഗസിൻ തയ്യാറാക്കുക<br>• സയൻസ് മാഗസിൻ നിരന്തരവായന<br>• ശാസ്ത്രക്വിസ്, ഉപന്യാസരചനാമത്സരങ്ങൾ | ഓരോ മാസവും സയൻസ് ക്ലബ്ബിൽ സ്പെഷ്യൽ അസംബ്ലി<br>ജൂൺ- ജൂലൈ മാസം<br>ജൂലൈ-ആഗസ്റ്റ്<br>ഒക്ടോബർ<br>ശനിയാഴ്ചതോറും സയൻസ് ക്ലബ്ബ്<br>Leisure Time<br>Leisure Time | ചാർട്ട്, പവർ പോയിന്റ്,<br>മോഡൽ, ചാർട്ട്.<br>മോഡൽ, ചാർട്ട്.<br>Experiment Materials<br>പത്രം, സി.ഡി., റെഫറൻസ് ബുക്സ്,<br>ശാസ്ത്ര ആനുകാലികങ്ങൾ | സയൻസ് ടീച്ചർ, എച്ച്.എം., പ്രിൻസിപ്പൽ<br>സയൻസ് ടീച്ചേഴ്സ്<br>സയൻസ് കൺവീനർ<br>പി.ടി.എ, മുഴുവൻ ടീച്ചേഴ്സും<br>സയൻസ് കൺവീനർ<br>സയൻസ് കൺവീനർ |

| | | | | | |
|---|---|---|---|---|---|
| 2 | നിത്യജീവിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ | • ജൈവകൃഷി ആരംഭിക്കുന്നു<br>• ജൈവകൃഷിയുമായി ബന്ധപ്പെട്ട് ബോധവത്ക്കരണം<br>• വിവിധ വിളകളുടെ ഗവേഷണ കേന്ദ്രം സന്ദർശിക്കുക. കർഷകരും, ശാസ്ത്രജ്ഞരുമായി സംവാദിക്കുക<br>• മലിനീകരണത്തെക്കുറിച്ച് ബോധവത്ക്കരണം<br>• മാലിന്യസംസ്കരണം ബോധവത്ക്കരണം<br>• ഡ്രൈ ഡേ ആചരിക്കൽ (സാമൂഹിക ആരോഗ്യം നിർമ്മാണം)<br>• പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് (ബോധവത്ക്കരണം)<br>• ലഘുപരീക്ഷണങ്ങൾ<br>• പ്രകൃതിദത്ത സൗന്ദര്യ പദാർത്ഥങ്ങൾ ഉണ്ടാക്കുക (സോപ്പ്, ഷാമ്പൂ, ഡിറ്റർജന്റ്)<br>• ഊർജ്ജപരിപാലനം, ബോധവത്ക്കരണം<br>• പോസ്റ്റർ നിർമ്മാണം, സി.ഡി. പ്രദർശനം, ഊർജ്ജകാര്യക്ഷമത കൂടിയ ഉത്പ്പന്നങ്ങൾ ഉപയോഗിക്കാൻ പ്രോത്സാഹനം | ജൂൺ - ഒരു ദിവസം<br>ജൂൺ<br>സെപ്തംബർ ഒരു ദിവസം<br>അസംബ്ലിയിൽ സയൻസ് ക്ലബ്ബ്<br>അസംബ്ലിയിൽ<br>സയൻസ് ക്ലബ്ബ്<br>ക്ലബ്ബ് ആക്ടിവേഷൻ<br>വൈകുന്നേരങ്ങളിലും, അവധി ദിനങ്ങളിലും, എനർജി ക്ലബ്ബ്<br>മൂന്ന് മാസം | കൃഷി ഉപകരണങ്ങൾ, കുട്ട മൺവെട്ടി<br>ചാർട്ട്, പവർ പോയിന്റ്, ചാർട്ട്, എക്സ്പേർട്ടിന്റെ ഉപദേശപ്രകാരമുള്ള മെറ്റീരിയൽസ്<br>ചാർട്ട്, സിഡി,<br>Impraised materials<br>സയൻസ് മാഗസിൻ, ഐ.സി.ടി | സയൻസ് കൺവീനർ പി.ടി.എ, മുഴുവൻ ടീച്ചേഴ്സും<br>എക്സ്പേർട്ട്<br>സയൻസ് ടീച്ചേഴ്സ്<br>എനർജി ക്ലബ്ബ് കൺവീനർ,<br>പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| 3 | ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കൽ | • സമീകൃത ആഹാരരീതി ബോധവത്ക്കരണം<br>• നിവിധതരം രോഗങ്ങൾ (സാംക്രമികരോഗങ്ങളും, പാരമ്പര്യം, ജീവിതശൈലീരോഗങ്ങൾ) അവ തടയുന്നതിന് ബോധവത്ക്കരണം.<br>• സർവ്വെ, പവർ പോയിന്റ്, സെമിനാർ, ഡോക്ടേഴ്സുമായി സംവാദനം<br>• ഔഷധോദ്യാനത്തിൽ പരിപാലനം, ഔഷധ സസ്യങ്ങൾ പ്രാധാന്യം ബോധവത്ക്കരണം പഠനയാത്ര സഞ്ജീവിനം പഠന ക്യാമ്പ് നടത്തുന്നു<br>• ലഹരി ഉപയോഗിക്കുന്നതുമൂലമുള്ള ദോഷങ്ങൾ ബോധവത്ക്കരണം, ഡോക്ടേഴ്സുമായി സംവാദനം, ഓ.ആർ.സി യുമായി സംയുക്തമായി പ്രവർത്തനങ്ങൾ-ഡീ അഡിക്ഷൻ സെന്റർ, ആർ.സി.സി സർവ്വെ, പഠനയാത്ര<br>• വ്യക്തിശുചിത്വം ബോധവത്ക്കരണം<br>• യോഗ പരിശീലനം | ജൂൺ ഒരു മണിക്കൂർ<br>ജൂലൈ ഒരു മണിക്കൂർ<br>ജൂൺ– ഡിസംബർ, എക്കോ ക്ലബ്ബ്, നാചർ ക്ലബ്ബ്, ആഗസ്റ്റ് ഒരു ദിവസം<br>ലഹരി വിരുദ്ധ ദിനത്തിൽ<br>ആഗസ്റ്റ്<br>ആഴ്ചയിൽ ഒരു ദിവസം | ചാർട്ട്, ഐ.സി.റ്റി<br>ചാർട്ട്, ഐ.സി.റ്റി<br>ഔഷധ സസ്യങ്ങൾ– കൃഷി ഉപകരണങ്ങൾ<br>ചാർട്ട്, പവർ പോയിന്റ്, സി.ഡി<br>ചാർട്ട്<br>സിഡി<br>സിഡി - ചാർട്ട്, പവർ പോയിന്റ് | ഹെൽത്ത് ക്ലബ്ബ് കൺവീനർ<br>എക്കോ ക്ലബ്ബ് കൺവീനർ നാചർ ക്ലബ്ബ് കൺവീനർ മുഴുവൻ ടീച്ചേഴ്സും<br>മുഴുവൻ ടീച്ചേഴ്സും<br>സയൻസ് ടീച്ചേഴ്സ്<br>എനർജി ക്ലബ്ബ്, കൺവീനർ, പി.റ്റി.എ<br>എക്കോ ക്ലബ്ബ് കൺവീനർ നാചർ ക്ലബ്ബ് കൺവീനർ മുഴുവൻ ടീച്ചേഴ്സും |

| | | | | | |
|---|---|---|---|---|---|
| | | • ഹൃദയദിനം, എയ്ഡ്സ് ദിനം, പ്രമേഹദിനം ആചരിക്കൽ, ബോധവത്ക്കരണം, ഡോക്ടേഴ്സുമായി സംവാദനം<br>• വാക്സിനേഷന്റെ പ്രാധാന്യം ഡോക്ടേഴ്സുമായി സംവാദനം<br>• ഫീ–പോളിക് ആസിഡ് കഴിക്കുന്നത് ബോധവത്ക്കരണം<br>• പരിസ്ഥിതി ദിനം ആചരിക്കുക<br>• പഠനയാത്ര (പക്ഷിനിരീക്ഷണ കേന്ദ്രം, ശലഭോദ്യാനം, വന്യജീവി സങ്കേതം)<br>• ജൈവവൈവിധ്യ പാർക്ക് നവീകരിക്കൽ<br>• ലോക മണ്ണുദിനം ആചരിക്കുക.<br>• മണ്ണിന്റെ പി.എച്ച് മൂല്യം അളന്ന് മണ്ണ് കൃഷിക്കനുയോജ്യമാക്കുക.<br>• ലോക കാലാവസ്ഥാദിനം, ലോക ജലദിനം, ലോക പരിസ്ഥിതി വിദ്യാഭ്യാസദിനം, ലോക തണ്ണീർത്തടദിനം, ലോക സമുദ്ര ദിനം, ആഗോളതാപന ദിനം ആചരിക്കൽ, ദേശാടനപ്പക്ഷിദിനം<br>• മണ്ണ് സംരക്ഷണം, ജലം സംരക്ഷണം, ബോധവത്ക്കരണം<br>• Improvised Aids ഉപയോഗപ്പെടുത്തി പരീക്ഷണങ്ങൾ | Corresponding Day<br><br>ജൂലൈ<br><br>ജൂൺ<br><br>ജൂൺ– ഡിസംബർ<br><br>ഡിസംബർ 5<br><br>ഡിസംബർ 23<br>മാർച്ച് 22<br>ജനുവരി 26<br>ഫെബ്രുവരി 2<br>ജൂൺ 5,<br>സെപ്തംബർ 16,<br>മേയ് 31 | സിഡി ചാർട്ട്, പവർ പോയിന്റ്<br><br>ചാർട്ട്, പവർ പോയിന്റ്<br><br>സിഡി ചാർട്ട്,<br><br>സ്റ്റോക്ക് രജിസ്ട്രേഷൻ ഫോട്ടോസ്, രേഖാചിത്രങ്ങൾ<br><br>ചാർട്ട്, ഐ.സി.റ്റി പിഎച്ച് മീറ്റർ<br><br>ചാർട്ട്, ഐ.സി.റ്റി<br>ചാർട്ട്, ഐ.സി.റ്റി<br>ചാർട്ട്, ഐ.സി.റ്റി<br>ചാർട്ട്, ഐ.സി.റ്റി<br>ചാർട്ട്, ഐ.സി.റ്റി | എക്കോ ക്ലബ്ബ് കൺവീനർ<br>നാച്വർ ക്ലബ്ബ് കൺവീനർ<br>മുഴുവൻ ടീച്ചേഴ്സും<br><br>ജൈവവൈവിധ്യ ബോർഡ്, പി.റ്റി.എ, മുഴുവൻ ടീച്ചേഴ്സും<br><br>എക്കോ ക്ലബ്ബ് കൺവീനർ<br><br>സയൻസ് ക്ലബ്ബ് കൺവീനർ<br><br>സയൻസ് ക്ലബ്ബ് കൺവീനർ<br><br>സയൻസ് ക്ലബ്ബ് കൺവീനർ<br><br>സയൻസ് ക്ലബ്ബ് കൺവീനർ |
| | പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക<br><br>ശാസ്ത്ര പ്രതിഭകളെ പ്രോത്സാഹിപ്പിക്കുകയും അവരുടെ കഴിവുകളെ സമൂഹത്തിന് പ്രയോജനപ്പെടുത്തുക | | | | |

മേഖല: അക്കാദമികം

എച്ച്.എസ്.

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ പഠന ബോധം വളർത്തിയെടുക്കൽ | ക്ലാസ്സ് തലത്തിൽ കുട്ടികളുടെ സാമൂഹ്യശാസ്ത്രം വിഷയത്തിലുള്ള അഭിരുചി കണ്ടെത്തൽ (പ്രീ ടെസ്റ്റ്) | ജൂൺ ആദ്യ ആഴ്ച | സോഷ്യൽ സയൻസ് അദ്ധ്യാപകർ | |
| 2 | മൂല്യാധിഷ്ഠിത വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിന് | ഗാമൂഹ്യശാസ്ത്രവിഷയത്തിടുതൽ താല്പര്യവും അറിവും നേടുന്നതിനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കൽ | ജൂൺ മാർച്ച് | | |
| 3 | മനുഷ്യജീവിതത്തിന്റെ എല്ലാതലങ്ങളിലും ഉണ്ടാകേണ്ട ധാർമ്മികത സംബന്ധിച്ച് കുട്ടികൾക്ക് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകുന്നതിന് | • അസംബ്ലിയിൽ പൊതുവിജ്ഞാന ക്ലാസ്സ്<br>• എസ്.എസ്. ക്ലബ്ബ് രൂപീകരണം<br>• സാമൂഹ്യശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ | ജൂൺ മാർച്ച് | ക്ലാസ്സ് ടീച്ചേഴ്സ്, എച്ച്.എം, എസ്.എസ്. ടീച്ചേഴ്സ് പി.റ്റി.എ, എം.പി.റ്റി.എ | |
| 4 | സാമൂഹ്യശാസ്ത്രത്തിലുള്ള അഭിരുചി കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും | • പാഠ്യവിഷയങ്ങൾ കുട്ടികളിൽ എത്തിക്കാൻ നൂതന മാർഗ്ഗങ്ങൾ രൂപീകരിക്കൽ<br>• ഐ.സി.റ്റി സാധ്യത കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിന്<br>• കുട്ടികൾ സ്വയം അറിവ് ശേഖരിക്കുന്നതിന് വേദി ഒരുക്കൽ<br>• ഇന്റർനെറ്റ് ഉപയോഗം കുട്ടികളെയും പരിചയപ്പെടുത്തൽ<br>• വിവിധപാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രോജക്റ്റ് തയ്യാറാക്കാൻ അവസരം നൽകൽ | ജൂൺ മാർച്ച് | ക്ലാസ്സ് ടീച്ചർ എസ്.എസ്. ടീച്ചേഴ്സ് | |

| | | | | | |
|---|---|---|---|---|---|
| | | • പ്രാദേശിക ശേഷി വർദ്ധിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.<br>ഉദാ: മാപ്പ് റീഡിംഗ്<br>അറ്റ്ലസ് രൂപീകരണം<br>മാപ്പ് രൂപീകരണം<br>ദിശ കണ്ടുപിടിക്കൽ<br>ഗ്ലോബ് കാര്യക്ഷമമായി കൈകാര്യം ചെയ്യൽ | | | |
| 5 | ഭൗമരഹസ്യങ്ങൾ കണ്ടെത്തുന്നതിലും പ്രകൃതി സംരക്ഷണത്തിലും കുട്ടികളുടെ പങ്ക് തിരിച്ചറിആന്റ് | • ക്ലാസ്സ്മുറി, അസംബ്ലി, എന്നിവിടങ്ങളിൽ പത്രവായനയ്ക്ക് അവസരം നൽകൽ<br>• വാർത്താശേഖരണ ഡയറി തയ്യാറാക്കൽ<br>• ക്ലബ്ബിന്റെ നേതൃത്വത്തിൽ ചുറ്റുപാടുള്ള സാമൂഹിക പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിന് ക്രിയാത്മക ഇടപെടൽ (പരിസര ശുചീകരണം, കുടിവെള്ള പ്രശ്നം, പ്ലാസ്റ്റിക് ഉപയോഗ നിയന്ത്രണം)<br>• കുട്ടികളെ സാമൂഹിക സേവനങ്ങളിൽ പങ്കാളിയാക്കുക (എസ്.പി.സി, എൻ.സി.സി മുതലായവ)<br>• പ്രാദേശിക ചരിത്രപഠനം, വാർത്താവായന, ഏകദിനപരിശീലനം, പഠനയാത്ര, കാലാവസ്ഥാ നിരീക്ഷണം, പ്ലാനറ്റോറിയം, ഡാമുകൾ, ചരിത്രസ്മാരകങ്ങൾ സന്ദർശനം, മോക്ക് പാർലമെന്റ് മുതലായവ) | ജൂൺ<br>മാർച്ച് | ക്ലാസ്സ് ടീച്ചേഴ്സ്, എച്ച്.എം, എസ്.എസ്. ടീച്ചേഴ്സ് പി.റ്റി.എ, എം.പി.റ്റി.എ | |

| | | | | | |
|---|---|---|---|---|---|
| | | • കമ്പ്യൂട്ടർ വിവിധ സ്ലൈഡ് പ്രസന്റേഷൻ എസ്. എസ്. സോഫ്റ്റ് വെയർ പരിചയപ്പെടൽ, ഡിജിറ്റൽ പ്രോജക്റ്റ് തയ്യാറാക്കലും അവതരിപ്പിക്കലും<br>• സാമൂഹ്യശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട വിവിധ വർക്കിംഗ് & സ്റ്റിൽ മോഡൽ നിർമ്മാണ ശില്പശാല | ജൂൺ–മാർച്ച് | സോഷ്യൽ സയൻസ് ടീച്ചേഴ്സ് | |
| 6 | മോറൽ എഡ്യുക്കേഷൻ | • ശരി ഏത് തെറ്റ് ഏത് എന്ന് തിരിച്ചറിയുന്നതിനുള്ള കഴിവ് നേടൽ<br>• ദേശീയഗാനം, ദേശീയപതാക എന്നിവയെ ബഹുമാനിക്കുന്നതിനുള്ള ബോധം ഉണ്ടാക്കുക<br>• വിഘടനവാദം, ദേശവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടാതിരിക്കുന്നതിനു വേണ്ടിയുള്ള ബോധനം | ജൂൺ–മാർച്ച് | സോഷ്യൽ സയൻസ് ടീച്ചേഴ്സ് | |
| | സ്കൂളിന് സ്വന്തമായി സാമൂഹ്യശാസ്ത്ര ലാബും അനുബന്ധ ഉപകരണങ്ങളും | • 40 കുട്ടികൾക്ക് ഒരേസമയം പ്രവർത്തിക്കാവുന്ന ലാബ് (കെട്ടിടം)<br>• മൾട്ടിമീഡിയാ റൂം, മ്യൂസിയം<br>• അനുബന്ധ ഉപകരണങ്ങൾ<br>• മാപ്സ്, ഗ്ലോബ്സ്<br>• ഭൂമിശാസ്ത്ര പഠനോപകരണങ്ങൾ (മഴമാപിനി, ടെലിസ്കോപ്പ്, മുതലായവ)<br>• വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ, എന്നിവയുടെ നിർമ്മാണ സാമഗ്രികൾ അലമാര | 5 വർഷം | പി.റ്റി.എ ലോക്കൽ സെൽഫ് ഗവൺമെന്റ് അലുമിനീസ്, വെൽവിഷേഴ്സ്, ഗവൺമെന്റ് സ്കീംസ്, സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി | |

## ഗണിതശാസ്ത്രം

ഗവ. മെഡിക്കൽ കോളേജ് ഹയർസെക്കന്ററി സ്കൂളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുട്ടികളിൽ ഗണിതത്തിന്റെ അടിസ്ഥാനം ഉറപ്പു വരുത്തുകയും അതിലൂടെ ഗണിതം അനായസം കുട്ടികൾ കൈകാര്യം ചെയ്യാനുള്ള പ്രാപ്തി നേടിക്കൊടുക്കുവാനും ദൈനംദിന ജീവിതത്തിലെ ഗണിതത്തിന്റെ മൂല്യം മനസ്സിലാക്കി കൊടുക്കുകയും ആവശ്യമായ ലക്ഷ്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | സാമ്പത്തികവും മറ്റു സാമഗ്രികളും |
|---|---|---|---|
| ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാനം കുട്ടികളിൽ എത്തിക്കുക | 1. ക്ലാസ്സ്റൂം ചർച്ചയിലൂടെ കുട്ടികളിൽ സംഖ്യാബോധം എത്തിക്കുന്നു | ഹ്രസ്വം | ചാർട്ട്, കലണ്ടർ, പ്ലക്കാർഡ്, മോഡൽസ് |
| | 2. മുത്തുകളിലൂടെയും മഞ്ചാടിക്കുരുകളിലൂടെയും കൂട്ടാനും കുറയ്ക്കാനുമുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കുന്നു. | ഹ്രസ്വം | മുത്ത്, മഞ്ചാടി, ചാർട്ട് |
| | 3. പാട്ടിലൂടെയും കുട്ടികളിലൂടെയും ഗുണനപട്ടിക പഠിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നു | ഹ്രസ്വം | |
| | 4. കുട്ടികളെ ഗ്രൂപ്പ് തിരിച്ച് ഹരണവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. | ഹ്രസ്വം | ലൈബ്രറി പുസ്തകങ്ങൾ ചാർട്ട്, കട്ടൗട്ട്സ് |
| | 5. ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുന്നു. ഗണിതശാസ്ത്രഗ്രന്ഥങ്ങൾ ശേഖരിക്കുക | ഹ്രസ്വം | ലൈബ്രറി |
| ദൈനംദിന ജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം | 1. ചുറ്റുപാടിൽ കാണുന്ന കാര്യങ്ങളെ ഗണിതവുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുന്നു<br>2. കുട്ടികളെ അഞ്ചു ഗ്രൂപ്പുകളായി തിരിച്ച് ജീവിതവുമായി ബന്ധ | ഹ്രസ്വം | |



ACE Scanner

| | | | |
|---|---|---|---|
| | പ്പെട്ട ചോദ്യങ്ങൾ കണ്ടെത്തി അതിന് ഉത്തരങ്ങൾ കണ്ടെത്താനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നു. ഉദാ: സ്കൂളിന്റെ ചുറ്റു മതിൽ പണിയുന്നതിനുള്ളസാധനങ്ങളുടെ വില കണക്കാക്കൽ, ക്ലാസ്സ് റൂമിൽ ടൈലുകൾ പതിക്കാനാവശ്യമായ ടൈലുകളുടെ എണ്ണം കണ്ടെത്തൽ, ഒരു വീട്ടിൽ ആവശ്യമായ പലവ്യഞ്ജനസാധനങ്ങളുടെ അളവും മൂല്യവും കണ്ടുപിടിക്കുക. (കുടുംബ ബഡ്ജറ്റ് തയ്യാറാക്കൽ) | ഹ്രസ്വം | ടേപ്പ്, പലവ്യഞ്ജനസാധനങ്ങളുടെ വില |
| ഗണിതശാസ്ത്രവിഷയത്തോടുള്ള താത്പര്യം വളർത്തുക, കരചലനശേഷികളുടെ വികാസം | 1. സി.വി.രാമൻ, ശകുന്തളാദേവി, രാമാനുജൻ, എന്നിവരുടെ ജീവചരിത്രബുക്കുകൾ വായിക്കാൻ പ്രേരിപ്പിക്കും. | ഹ്രസ്വം | |
| | 2. ഗണിതത്തിലെ പ്രശസ്തരായ വ്യക്തികളെക്കൊണ്ട് പ്രചോദന ക്ലാസ്സുകൾ സംഘടിപ്പിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യുക | ഹ്രസ്വം | |
| | 3. ക്ലാസ്സ് മുറികളിൽ, പസ്സിൽസ്, ക്വിസ്, ഗെയിംസ്, എന്നിവ സംഘടിപ്പിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യുക | ഹ്രസ്വം | |
| | 4. ജിയോജിബ്രാ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഗ്രാഫ് വരയ്ക്കാനും വിശകലനം ചെയ്യാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക. ഗണിതപഠനത്തിന് ഐ.റ്റിയുടെ സാധ്യത പ്രയോജനപ്പെടുത്തുക. | ഹ്രസ്വം | |

| | | | |
|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | 5. ഗണിത ലാബ് സജ്ജീകരിക്കു, ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കാനുള്ള പരിശീലനം നൽകൽ, അവയുടെ പ്രദർശനം, വിപണനം<br><br>6. ഗണിതോത്സവം സ്കൂൾതലത്തിൽ നടത്തുന്നു. ഗണിതക്വിസ്, ഗണിതമേള, ഉൽപ്പന്നങ്ങളുടെ പ്രദർശനം, ഗണിതപതിപ്പുകൾ, ഗണിത ആൽബം എന്നിവയുടെ നിർമ്മാണം. ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ആവശ്യാനുസരണം (വർഷത്തിൽ ഒരിക്കൽ)<br><br>ഒരു പ്രാവശ്യം | ക്ലബ്ബ്, പി.റ്റി.എ |
| ജ്യാമിതിയ രൂപങ്ങളെക്കുറിച്ചുള്ള അവബോധങ്ങൾ സൃഷ്ടിക്കുക | 1. കാർബോർഡുകൾ ഉപയോഗിച്ച് ഓരോ കുട്ടികളെയും കൊണ്ട് പലതരത്തിലുള്ള തൃകോണത്തിന്റെ രൂപങ്ങൾ, ചതുർഭുജങ്ങൾ, ഘനരൂപങ്ങൾ, സ്തംഭങ്ങൾ, സ്തൂപങ്ങൾ എന്നിവ നിർമ്മിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.<br><br>2. ഈ ജ്യാമിതിയ രൂപങ്ങളുടെ കോണളവ്, ചുറ്റളവ്, വിസ്തീർണ്ണം, വ്യാപ്തം എന്നിവ കണ്ടെത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. | ഹ്രസ്വം<br><br>ഹ്രസ്വം<br><br>ഹ്രസ്വം | കാർബോർഡ്, പശ,സെലോടാപ്പ്, ചാർട്ട്, മണൽ, സ്കെയിൽ, പ്രോജക്ടർ, കോമ്പസ് മുതലായവ |

| | | | |
|---|---|---|---|
| | 3. ക്ലാസ്സ് റൂമിലെ ബഞ്ച്, ഡെസ്ക്, ബ്ലാക്ക്ബോർഡ്, ടേബിൾ എന്നിവയുടെ ആകൃതിയെക്കുറിച്ച് ചർച്ച ചെയ്യുന്നു<br><br>4. ബ്ലാക്ക്ബോർഡിന് പെയിന്റ് ചെയ്യുന്നതിന് ആവശ്യമായ പെയിന്റിന്റെ അളവും മൂല്യവും കണക്കാക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യുക. | ഹ്രസ്വം | |
| ഉന്നതപഠനത്തിന് ഗണിതശാസ്ത്രം ഒരു ഐഛിക വിഷയമായി തെരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുക<br><br>ഗണിതപഠനത്തെ സാമൂഹ്യ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക | 1. ജോലി സാധ്യതയെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുവാൻ വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക<br><br>2. കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക<br><br>3. ജീവിതത്തിലെ പ്രശ്നങ്ങൾ അഭിമുഖീകരിക്കാനുള്ള പ്രേരണ നൽകാനുള്ല പദ്ധതി ആസൂത്രണം ചെയ്യുക | ഹ്രസ്വം<br><br>ഹ്രസ്വം<br><br>ഹ്രസ്വം | പി.റ്റി.എ<br><br>കൗൺസിലിംഗ് |
| കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളിലും എത്തിക്കുക | . ഗണിതശാസ്ത്രത്തിന്റെ ഓരോ പാഠത്തിന്റെയും ഉള്ളടക്കം വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് മനസ്സിലാക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക | ഹ്രസ്വം | സ്മാർട്ട് ക്ലാസ്സ് |

| | | | |
|---|---|---|---|
| | . പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അവരുടെ മികവ് തെളിയിക്കുവാനുള്ള അവസരം നൽകുന്നു. | ഹ്രസ്വം | സ്മാർട്ട് ക്ലാസ്സ് |
| | . കുട്ടികളുടെ മറ്റു കഴിവുകൾ കണ്ടെത്തി അതിനുവേണ്ട പ്രോത്സാഹനം നൽകുക. | ഹ്രസ്വം | |
| | . ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട സൈറ്റുകൾ (ഉദാ: ഖാൻ അക്കാഡമി) സന്ദർശിക്കാനും ഓരോ പാഠഭാഗവും ആശയം മനസ്സിലാക്കി പഠിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ഹ്രസ്വം | ആവശ്യത്തിന് അനുസരിച്ച് |



PDF Scanner ACE Scanner

## മേഖല അക്കാദമികം. സാഹിത്യപോഷണ പരിപാടി– നാടകക്കളരി

| | | | |
|---|---|---|---|
| കുട്ടികളിലെ സാഹിത്യ കലാഭി രുചികൾ വളർത്തൽ | സാഹിത്യകാരന്മാർ, എഴുത്തുകാർ, തിരക്കഥാകൃത്തുക്കൾ എന്നിവരെ സ്കൂളിൽ വിളിച്ചു വരുത്തി താത്പര്യമുള്ള കുട്ടികൾക്ക് ക്ലാസ്സ് നൽകൽ.<br><br>വികലാംഗരെ പങ്കെടുപ്പിച്ച് ശില്പശാലകൾ, നാടകകളരി, എന്നിവ സംഘടിപ്പിക്കൽ | ജൂൺ മുതൽ | കലാസാഹിത്യ കൺവീനർ |



ACE Scanner

## മേഖല അക്കാദമികം. ഐ.റ്റി.പരിശീലനം

| | | | | |
|---|---|---|---|---|
| സാങ്കേതികവിദ്യയിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവരുടെ നൈപുണ്യം വികസനം | താത്പര്യമുള്ള കുട്ടികളെ കണ്ടെത്തൽ | | | |
| | അവരുടെ അഭിരുചി വളർത്തുന്നതിനായി വിദഗ്ദ്ധ പരിശീലനം നൽകുക. ഹായ്കുട്ടിക്കൂട്ടം പോലെയുള്ള പരിപാടികളിൽ പങ്കെടുപ്പിക്കുക. | ജൂലൈ മുതൽ | എച്ച്.എം. പി.പി.എൽ | 5,00,000/- |
| കുട്ടികൾക്ക് സോഫ്റ്റ് വെയർ പരിശീലനം നൽകി സ്കൂളുകളിലെ കമ്പ്യൂട്ടറുകൾ കേടാകുന്നവ നന്നാക്കാൻ പ്രാപ്തരാക്കുകയും അതുവഴി തൊഴിൽ രംഗത്തേക്കും അവരെ നയിക്കുക. | ഒരു കുട്ടിക്ക് ഒരു ലാപ്ടോപ്പ് എന്ന പദ്ധതി | ജൂലൈ മുതൽ | എച്ച്.എം. പി.പി.എൽ | |
| | ഐ.ടി. ഉപയോഗിച്ച് മറ്റ് വിഷയങ്ങൾ പഠിക്കാനുള്ള സ്ലൈഡുകളും പ്രസന്റേഷനും തയ്യാറാക്കൽ | ജൂലൈ മുതൽ | ക്ലാസ്സ് ടീച്ചർ ഐ.റ്റി. ടീച്ചർ | |
| | ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ | | | |
| | ഐ.ടി. മേളകളിലെ പങ്കാളിത്തം | | | |
| **10 പഠനയാത്രകൾ** | | | | |
| പുതിയ വിദ്യാഭ്യാസ ആശയങ്ങളും രീതിയും കുട്ടികളിലെത്തിക്കുവാൻ ഉതകുന്ന പഠനയാത്രകൾ സംഘടിപ്പിച്ച് അറിഞ്ഞ് പഠിക്കുക എന്ന ആശയം സാക്ഷാത്ക്കരിക്കുക | സയൻസ് വിഷയങ്ങൾ, ഭാഷാ വിഷയങ്ങൾ, മറ്റ് വിഷയങ്ങൾ എന്നിവ പഠിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ ലിസ്റ്റ് ചെയ്യുക. | നവംബർ മുതൽ | പി.റ്റി.എ, പി.പി.എൽ, എച്ച്.എം. ഐറ്റി ടീച്ചർ | |



ACE Scanner

| | | | | |
|---|---|---|---|---|
| **കായികപഠനം** | | | | |
| കായികാഭിരുചിയുള്ള കുട്ടികളുടെ അഭിരുചി, കഴിവ് ഇവ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ | സ്പോർട്സ് മത്സരങ്ങൾ സംഘടിപ്പിച്ച് അവയിൽ സമർത്ഥരായ കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട ട്രെയിനിംഗ് നടത്തൽ | ജൂലൈ മുതൽ | | |
| ടെന്നിസ് കോർട്ട് പ്രയോജനപ്പെടുത്തൽ | | ജൂലൈ മുതൽ | പി.റ്റി.എ, ആർ.എം. എസ്.എ | 1,00,000 |
| | കളരി, കരാട്ടെ എന്നിവയുടെ വിദഗ്ദ്ധ പരിശീലനം | | | |
| | പ്രത്യേകം പരിശീലനക്ലാസ്സുകൾ, ടെന്നിസ് ക്ലബ്ബ് പരിശീലനത്തിൽ കുട്ടികളെ പങ്കെടുപ്പിക്കൽ | ജൂലൈ മുതൽ | പി.റ്റി.എ, ആർ.എം. എസ്.എ | 50,000 |
| **12 ക്ലാസ്സ് പി.റ്റി.എ സജീവമാക്കൽ** | | | | |
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുന്നതിനുള്ള അവന്റെ ചുറ്റുപാടുകൾ, പഠനസാഹചര്യം, ഇവ അറിയുന്നതിന് പി.റ്റി.എ വഹിക്കുന്ന പങ്ക് | ക്ലാസ്സ് ടെസ്റ്റുകൾ മുറയ്ക്ക നടത്തി സമയബന്ധിതമായി പി.റ്റി.എ വിളിച്ച് കുട്ടിയുടെ പഠനനിലവാരം രക്ഷിതാക്കൾക്ക് മനസ്സിലാക്കാൽ | ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ പി.പി.എൽ. എച്ച്.എം പി.റ്റി.എ | |
| | പഠനത്തിന് പ്രയാസം നേരിടുന്ന വിഷയങ്ങൾ കണ്ടെത്താനും അവയ്ക്ക് കാരണം പരിഹാരം മാർഗ്ഗം ഇവ കണ്ടെത്താനും | ജൂൺ മുതൽ | എസ്.ആർ.ജി | |
| | ചോദ്യാവലി പർച്ച എന്നിവയിലൂടെ കുട്ടിയുടെ സാമൂഹിക, ഗൃഹാന്തരീക്ഷം മനസ്സിലാക്കി പഠനം മെച്ചപ്പെടുത്തൽ | ജൂൺ മുതൽ | എസ്.ആർ.ജി | |
| | രക്ഷിതാക്കളുടെ അഭിപ്രായങ്ങൾ ആരാഞ്ഞ് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തൽ | ജൂൺ മുതൽ | എസ്.ആർ.ജി | |

| | | | | |
|---|---|---|---|---|
| ൭൦- വിലയിരുത്തൽ, നിരന്തര മൂല്യനിർണ്ണയം | | | | |
| കുട്ടിയുടെ പഠന നിലവാരം സമയാസമയങ്ങളിലും, മാസാവസാനം ടേം അവസാനം ഇവയിലും അറിയുക | • സമയബന്ധിതമായ വർക്ക്ഷീറ്റ് ക്ലാസ്സ് ടെസ്റ്റ് ചോദ്യാവലി ആക്ടിവിറ്റികൾ, പ്രോഗ്രസ്സ് റിപ്പോർട്ട് ഇവയുടെ തയ്യാറാക്കൽ<br>• സമയാനുസൃതമായി ക്ലാസ്സ് പി.റ്റി.എ, സ്കൂൾ പി.റ്റി.എ ഇവ വിളിക്കൽ | ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ എച്ച്.എം. പി.റ്റി.എ എസ്.ആർ.ജി | |
| | • ഓരോ കുട്ടിക്കും ക്ലാസ്സ് ടീച്ചർ സ്വന്തമായി ഒരു അക്കാദമിക് ഡയറി തയ്യാറാക്കൽ<br>• ദിവസവും ഡയറി പരിശോധിക്കൽ | ജൂൺ മുതൽ | ടീച്ചേഴ്സ് | |
| മെഡിക്കൽ ക്യാമ്പ് | | | | |
| ജീവിത സാഹചര്യങ്ങൾ, പോഷകാഹാരക്കുറവ്, എന്നിവ മൂലമുണ്ടാകുന്നതുമായ പ്രശ്നങ്ങൾ, മാനസിക ആരോഗ്യം കാത്ത് സൂക്ഷിക്കാൻ ആരോഗ്യ ക്യാമ്പ് | • പി.എച്ച്.സി, സ്കൂൾ, ജെ.പി.എച്ച്.എൻ എന്നിവരുടെ മുടങ്ങാതെയുള്ളതും, കൃത്യമായതുമായ വിസിറ്റിംഗ്, പരിശോധന<br>• ഓരോ കുട്ടിയ്ക്കും ഒരു മെഡിക്കൽ ഡയറി | ജൂൺ മുതൽ | എച്ച്.എം. പി.റ്റി.എ ജെ.പി.എച്ച്. എൻ<br>കൗൺസിലർ | |
| ആർ.സി.സി ഡോക്ടേഴ്സിനെ കൊണ്ടുവന്ന് ബോധവത്കരണ ക്ലാസ്സ് | • ഐ.ഇ.ഡി ടീച്ചർ, ഫിസിയോതെറാപ്പിസ്റ്റ് ഇവരുടെ സേവനം | ജൂൺ മുതൽ | ഐ.ഇ.ഡി ടീച്ചർ | |
| | • കണ്ണ് പരിശോധന, ആവശ്യമായവർക്ക് വിദഗ്ധ ചികിത്സാ നിർദ്ദേശം, കണ്ണടകൾ<br>• ജെ.പി.എച്ച്.എൻ ന്റെ മാസത്തിൽ ഒരു ദിവസമെങ്കിലുമുള്ള ഒരു ക്ലാസ്സ് | ജൂൺ മുതൽ | | |

| | | | | |
|---|---|---|---|---|
| | എസ്.ആർ.ജി ശാക്തീകരണം | | | |
| എസ്.ആർ.ജി ഗ്രൂപ്പിന്റെ സുഗമമായ പ്രവർത്തനത്തിലൂടെ സ്കൂൾ പ്രവർത്തനം ക്രോഡീകരിക്കുന്ന, പ്രവർത്തന തീരുമാനങ്ങൾ കൈക്കൊള്ളുന്നു | വിവിധ ക്ലബ്ബുകൾ സബ്ജക്റ്റ് കൗൺസിൽ മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾ എന്നിവയുടെ ചർച്ചയും തീരുമാനങ്ങളും<br>ആഴ്ചതോറുമുള്ള മീറ്റിംഗ് മിനിട്സ് രേഖപ്പെടുത്തൽ<br>തീരുമാനങ്ങൾ അവതരിപ്പിക്കൽ | | | |



PDF Scanner ACE Scanner

# പ്രവൃത്തിപരിചയം പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനം കൂടാതെ കുട്ടികളിൽ കലാപരമായും തൊഴിൽപരമായുമുള്ള വാസനകൾ വികസിപ്പിക്കുക | കുട്ടികളുടെ ഇത്തരം കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് മികച്ച ഒരു അധ്യാപക വിദഗ്ധന്റെ സാമീപ്യം | മേയിലൊന്ന് | അധ്യാപകർ | |
| | അവയ്ക്കായി പ്രത്യേക പരിശീലനങ്ങൾ, സാധന സാമഗ്രികൾ, പ്രദർശനങ്ങൾ | ജൂലൈ മുതൽ | | |
| | പ്രവൃത്തിപരിചയ മേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തൽ, അതിന് പ്രത്യേകം ക്ലാസ്സ് | | | |
| | കുട്ടികളുടെ നല്ല സൃഷ്ടികളുടെ വിപണന സാധ്യത പ്രയോജനപ്പെടുത്തൽ | ജൂലൈ മുതൽ | പി.ടി.എ, എച്ച്.എം, എസ്.ആർ.ജി | |
| ചിത്ര രചന/കാർട്ടൂൺ | ചിത്രരചനയിൽ പ്രാഗത്ഭ്യമുള്ളവരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കൽ | | | |

**മേഖല: ഭൗതികം**

## ജൈവ വൈവിധ്യ പാർക്ക് പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള ജൈവവൈവിധ്യ പാർക്ക് തയ്യാറാക്കൽ | 1. നല്ല ഒരു ജൈവവൈവിധ്യപാർക്ക് തയ്യാറാക്കണം., അത് സംരക്ഷിച്ച് നില നിർത്താനും പഠനപ്രവർത്തനങ്ങളുടെ ഭാഗമാകുവാനുമുള്ള പ്രവർത്തനങ്ങൾ. | ജൂൺ മുതൽ | എൻ.എസ്.എസ്. എക്കോ ക്ലബ്ബ്, പി.റ്റി.എ, എസ്.ആർ.ജി | 1,00,000 |
| 2. വിഷരഹിത പച്ചക്കറി ആശയം പ്രാവർത്തികമാക്കുന്ന പച്ചക്കറിത്തോട്ട നിർമ്മാണം | 2. പാർക്കിലേയ്ക്ക് ആവശ്യമായ സാമഗ്രികൾ ലിസ്റ്റ് ചെയ്ത് നിർമ്മിക്കേണ്ടവ വാങ്ങേണ്ടവ എന്നിങ്ങനെ തരംതിരിക്കുക. | ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ, എച്ച്.എം എൻ.എസ്.എസ്. പി.റ്റി.എ | 20,000 |
| 3. ഹോർട്ടികർ തെറാപ്പി ഗാർഡൻ<br>4. ഔഷധതോട്ട നിർമ്മാണം | 3. ഭിന്നശേഷിക്കാരായ കുട്ടികളുടെ വ്യത്യസ്തങ്ങളായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പൂന്തോട്ട പച്ചക്കറി തോട്ട നിർമ്മാണം | സെപ്തംബർ | പ്രിൻസിപ്പൾ, എച്ച്.എം. ആർ. റ്റി, പി.റ്റി.എ, ചൈൽഡ് ഡിപ്പാർട്ട്മെന്റ് സെന്റർ | 2,00,000 |

| | | | | |
|---|---|---|---|---|
| 5. ജൈവകൃഷിയെക്കുറിച്ച് ബോധവത്ക്കരണം | 4. ഔഷധ ചെടികളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നതിന് പഠനയാത്ര | നവംബർ | എസ്.ആർ.ജി. എൻ.എസ്.എസ് എക്കോ ക്ലബ്ബ് | 50,000 |
| | 5. കൃഷി ഓഫീസറുമായുള്ള അഭിമുഖം കർഷകനുമായുള്ള അഭിമുഖം, ബോധവൽക്കരണം, കൃഷിയിടങ്ങൾ സന്ദർശിക്കുക. | സെപ്തംബർ | പ്രിൻസിപ്പൾ, എച്ച്.എം. എസ്.ആർ.ജി, അഗ്രിക്കൾച്ചർ ക്ലബ്ബ്. എക്കോ ക്ലബ്ബ് | 50,000 |



PDF Scanner ACE Scanner

## ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം, ഹിന്ദി, ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കൽ | ഗ്രന്ഥങ്ങൾ അടുക്കി സൂക്ഷിക്കുക വഴി കുട്ടികൾക്ക് എളുപ്പത്തിൽ ലഭ്യമാകുന്നതിന് സാധിക്കും. | ജൂൺ മുതൽ | ലൈബ്രേറിയൻ എസ്.ആർ.ജി അധ്യാപകർ | |
| ശാസ്ത്ര-ഗണിത-സാമൂഹ്യ ശാസ്ത്ര ഗ്രന്ഥങ്ങൾ ശേഖരിക്കൽ | ഒരു ലൈബ്രേറിയന്റെ സേവനം | ജൂൺ മുതൽ | എസ്.ആർ.ജി പ്രിൻസിപ്പാൾ വിദ്യാരംഗം കൺവീനർ | |
| ലൈബ്രറി ഒരുക്കൽ | കൊളാഷ് നിർമ്മാണം,<br>വായനാക്കുറിപ്പ് തയ്യാറാക്കൽ<br>വായനാമത്സരം, പ്രശ്നോത്തരി | ജൂൺ മുതൽ | | |
| ആവശ്യത്തിന് പഠന സിഡികൾ<br>കമ്പ്യൂട്ടർ സൗകര്യം<br>ഇന്റർനെറ്റ് സൗകര്യം<br>എന്നിവ ലഭ്യമാക്കുക | വിവിധ പത്രപാരായണത്തിനു ശേഷം ചർച്ച-നിരൂപണം<br>ആൽബം നിർമ്മാണം<br>ക്ലാസ്സ് തലത്തിലും വ്യക്തിതലത്തിലും പുസ്തക വിതരണം | ജൂൺ മുതൽ | | |
| | മത്സരങ്ങൾ സംഘടിപ്പിക്കൽ.<br>മാധ്യമ കേന്ദ്രങ്ങളിലേയ്ക്ക് യാത്ര | ജൂൺ മുതൽ | | |

മേഖല ഭൗതികം

ഉപമേഖല: 3 കളിസ്ഥലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | സ്കൂളിന്റെതായിരുന്ന കളിസ്ഥലം മറ്റുപലരും കൈയടക്കി അത് തിരികെ ലഭ്യമാക്കി കളിക്കുന്നതിന് അനുയോജ്യമാക്കി മാറ്റുക. | 2025-2027 | പി.റ്റി.എ | |
| കൂടുതൽ കായിക സംവിധാനങ്ങൾ ഉപകരണങ്ങൾ | കായിക പരിശീലനത്തിനാവശ്യമായ കൂടുതൽ ആധുനിക സംവിധാനങ്ങൾ, ഉപകരണങ്ങൾ സജ്ജമാക്കൽ | 2025-2027 | പി.റ്റി.എ | എം.പി/എം.എൽ.എ ഫണ്ട് 2,00,000 രൂപ |



PDF Scanner ACE Scanner

# അക്കാഡമിക് മാസ്റ്റർ പ്ലാൻ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | സമയക്രമം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| • ക്ലാസ്സ് റൂം ഭൗതിക സാഹചര്യം അനുകൂലമാക്കൽ | • കുട്ടികളുടെ ആവശ്യം കണ്ടെത്തൽ<br>• ഭൗതിക പരിമിതികളും സാധ്യതകളും തിരിച്ചറിയൽ<br>• ഓരോ കുട്ടിക്കും അനുയോജ്യമായ ഇരിപ്പിടം, മറ്റ് സൗകര്യങ്ങൾ ഇവ ഒരുക്കുക | 2025-2026 | | |
| • ഹോർട്ടികൾച്ചറൽ തെറാപ്പി ഗാർഡൻ<br>• ജൈവവൈവിധ്യ പാർക്ക് | • ഭിന്നശേഷിക്കാരായ കുട്ടികളുടെ വ്യത്യസ്തങ്ങളായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയും, കുട്ടികളുടെ ശാരീരകവും, മാനസികളവുമായ വികസനം സാധ്യമാക്കുന്നതിനുമുള്ള ഉദ്യാന പരിശീലനം | 2025-2030 | | എച്ച്.എം., പി.റ്റി.എ പ്രിൻസിപ്പൽ ക്രിയേറ്റർ ഫോർ ഡിസേബിൾഡ് സ്റ്റഡീസ് മറ്റ് ഏജൻസികൾ |

| | | | | |
|---|---|---|---|---|
| ഭിന്നശേഷിക്കാരുടെ പഠന സാധ്യതകളും രൂപീകരണ പ്രവർത്തനങ്ങളും പരിപോഷിപ്പിക്കൽ | • വായനലേഖന പ്രവർത്തനങ്ങൾ റെമഡിയൽ ടീച്ചിംഗ് സാധ്യമാക്കൽ<br>• സർഗ്ഗാത്മകത വികസിപ്പിക്കൽ, തൊഴിലധിഷ്ഠിത പരിശീലനം | | നിലവിലുള്ള റിസോഴ്സ് റൂം മെച്ചപ്പെടുത്തുക | റിസോഴ്സ് അധ്യാപകർ |



PDF Scanner ACE Scanner

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

- വിദ്യാലയത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നു.
- ഗുണമേന്മയുള്ള മികച്ച വിദ്യാഭ്യാസമെന്ന കുട്ടിയുടെ അവകാശം സാക്ഷാത്ക്കരിക്കുന്നു.
- മതനിരപേക്ഷ ജനാധിപത്യബോധമുള്ള പ്രകൃതിസ്നേഹികളായ കുട്ടികളെ വാർത്തെടുക്കുക.
- പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹത്തെ മുൻനിരയിലേക്ക് കൊണ്ടെത്തിക്കാൻ സാധിക്കുന്നു.

- എച്ച്.എം. പ്രിൻസിപ്പൾ, പി.റ്റി.എ, എന്നിവരുടെ നേതൃത്വത്തിലുള്ള മോണിറ്ററും, വകുപ്പുതല ഉദ്യോഗസ്ഥരുടെ മോണിറ്ററിംഗിലൂടെയും ഈ പ്രവർത്തനങ്ങൾ കുടുതൽ ഗുണമേന്മയുള്ളതാക്കാം.



PDF Scanner ACE Scanner

# ഉപസംഹാരം

മതനിരപേക്ഷ ജനാധിപത്യബോധമുള്ള, പ്രകൃതി സ്നേഹികളായ സമൂഹത്തെ വാർത്തെടുക്കുന്നതിന് ശാസ്ത്രീയമായ ചിട്ടപ്പെടുത്തലിലൂടെ രൂപീകൃതമാക്കുന്ന പ്രവർത്തനപദ്ധതിയിലൂടെ മാത്രമേ സാധ്യമാകൂ, മെഡിക്കൽകോളേജ് ഹയർസെക്കന്ററി സ്കൂളിനു വേണ്ടി രൂപീകൃതമായ ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ സംരക്ഷണ പദ്ധതി നടപ്പിലാക്കി ഈ വിദ്യാലയത്തിന്റെ ചൈത്യകവും, മഹത്വവും കാത്തുസൂക്ഷിക്കുന്നതിനു നമ്മൾ ഓരോരുത്തരും സേവനത ത്പരരാവുകയും ചെയ്യേണ്ടത് ആവശ്യമാണ്. അതിനായി ഈ പദ്ധതി പ്രയോജനപ്പെടുമെന്ന് പ്രത്യാശിക്കാം.

അധ്യാപകർ

| പേര് | ഫോൺ നമ്പർ |
|---|---|
| ശ്രീമതി. ശ്രീലേഖ | 9497849015 ഹെഡ്മിസ്ട്രസ് |
| ശ്രീമതി .ഉഷ എസ് | 8547352926 ഗണിതം |
| ശ്രീമതി. അനിതകുമാരി പി.ആർ | 9446178238 സാമൂഹ്യ ശാസ്ത്രം |
| ശ്രീമതി. ആനിജോൺ | 9947023462 ഫിസിക്കൽ സയൻസ് |
| ശ്രീമതി. പ്രിയദർശിനി | 9645395225 ഹിന്ദി |
| ശ്രീ .മുഹമ്മദ് റാഫി എസ് | 9895122065 മലയാളം |

ACE Scanner

# സ്കൂൾ വികസന പദ്ധതി

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. മെഡിക്കൽകോളേജ് എച്ച്.എസ്.എസ് |
| വിലാസം | : | തിരുവനന്തപുരം, കുമാരപുരം, മെഡിക്കൽകോളേജ്. പി.ഒ, -695011 |
| സ്കൂൾ കോഡ് (ഡയസ് പ്രകാരം) | : | 32141000507 |
| ഇ-മെയിൽ | : | mchsskumarapuram@yahoo.com |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| ഉപജില്ല | : | തിരുവനന്തപുരം നോർത്ത് |
| യു.ആർ.സി | : | പേട്ട |
| ക്ലസ്റ്റർ | : | പോങ്ങുംമൂട് |
| കോർപ്പറേഷൻ | : | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | : | കഴക്കൂട്ടം |
| ലോക്സഭാമണ്ഡലം | : | തിരുവനന്തപുരം |

ACE Scanner